**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1090** **12-06-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ മേൽമുറി, ഇരുമ്പുഴി കരുമാഞ്ചേരി കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം നിയോജകമണ്ഡലത്തിലെ മേൽമുറി കുടിവെള്ള പദ്ധതി, ഇരുമ്പുഴി കരുമാഞ്ചേരി പറമ്പ് കുടിവെള്ള പദ്ധതി എന്നിവ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | മലപ്പുറം നിയോജക മണ്ഡലത്തിൽ മേൽമുറി കുടിവെള്ള പദ്ധതിക്ക് സാങ്കേതികാനുമതി നൽകി. ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ഇരുമ്പുഴി കരുമാഞ്ചേരിപറമ്പ് കുടിവെള്ള പദ്ധതി മൂന്ന് പാക്കേജ് ആയി ട്രീറ്റ്മെൻറ് പ്ലാൻറ്, പമ്പിംഗ് മെയിൻ പുതിയ വിതരണ ലൈനുകൾ എന്നീ ഘടകങ്ങൾ ആയിട്ടാണ് പ്രവൃത്തി നടപ്പിലാക്കുന്നത്.<br><br>ജല ശുദ്ധീകരണ ശാലയുടെ പ്രവൃത്തിക്ക് കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടുണ്ട്. മറ്റ് രണ്ട് പാക്കേജുകൾക്കും വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| (ബി) | അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തിയ മേൽമുറി കുടിവെള്ള പദ്ധതിയുടെ പ്രപ്പോസലിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | ഉണ്ട്. അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി മേൽമുറി കുടിവെള്ള പദ്ധതിക്ക് 06.05.2024 തീയതിയിലെ ഉത്തരവ് പ്രകാരം സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |
| (സി) | കരുമാഞ്ചേരി പറമ്പ് കുടിവെള്ള പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ; | (സി) | ഇരുമ്പുഴി കരുമാഞ്ചേരിപറമ്പ് കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.. ട്രീറ്റ്മെൻറ് പ്ലാൻറ് ഡിസൈൻ ചെയ്ത ഉടനെ പ്രവൃത്തി ആരംഭിക്കുന്നതാണ്. പമ്പിംഗ് മെയിൻ, പുതിയ വിതരണ ലൈൻ എന്നീ പ്രവൃത്തികൾ എഗ്രിമെൻറ് വെക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ് . |
| (ഡി) | രൂക്ഷമായ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കാമോ? | (ഡി) | പ്രസ്തുത പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിച്ച് കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ